The Hon'ble Member for North Ezhuvas pointed out that no Ezhuva was nominated to the Parappukkara Panchayat. The point contemplates the reservation of a nominated seat for Ezhuvas in Panchayats which are not represented by such community by election. Such a reservation in regard to nomination in favour of a particular community in this particular instance does not seem to be desirable nor can this be made a general rule also. The system at present is to nominate persons from communities which are not represented by election. This is the general principle followed in almost all cases and if there is any exception it must have been done on substantial grounds. To elucidate further, if there are two or more unrepresented communities in a Panchayat and if there is only one nominated seat to be filled up, to be just and fair, nomination can be given only by rotation. In making the selection for nominations regard is also being taken to the numerical strength and importance of such communities as also the interests of the working of the Panchayats and courts, as the case may be. In this connection it may also be submitted that there seems to be no meaning to nominate persons from communities which, if they make an effort can succeed in elections owing to their numerical strength, but which, with the hope of getting into the Panchayat by nomination on the plea that they belong to the backward or depressed classes, wilfully keep back from partaking in elections. It is a question whether it is desirable to nominate any-body from such communities. Further, it is also quite possible that nominations may have to be given to other persons for want of suitable and qualified condidates in the unrepresented, backward or depressed class communities to represent the village or villages for which nominations are intended.

Mr. P. Kumaran Ezhuthassan *(Wadakkancheri.*—Mr. President, I am constrained to intervene in this debate because

LIBRARY ARCHIVES Kerala Legislative Assembly

it has been stated that the principle is what has been read out and if deviations have been made they have been deviations reduced to a minimum and under most unavoidable circumstances to meet the purposes underlying the nomination. There is no use of talking of things in a slipshod fashion. Therefore, I will request the Hon'ble Members of this House, both on the Treasury Benches as also on my side, to kindly bear with me and listen to the answer to a certain question which I put in this Council in the Meenom Session which has been answered as Q. No. 337 on the 21st Meenom 1112. This is how it runs:—

"Q. No. 337.

Mr. P. Kumaran Ezhuthassan (*Wadakkancheri*).—Will the Government be pleased to state

(a) what is the principle on which the right of nominations to the Panchayats is reserved with the Government;

(b) is not this principle kept in view in making nomination to these bodies?

Dr. E. S. R. Menon (*Director of Public Health and Panchayats*).—(a) The principle is that Members of those communities who are not able to secure seats in elections may get representation to such bodies by nomination.

(b) Yes."

I am seen to have foolishly pursued that question by supplementary questions running to nearly three pages and more.

Dr. A. R. Menon (*Pallippuram*).—Why foolish?

Mr. P. Kumaran Ezhuthassan (*Wadakkancheri*).—Because any attempt made on this side of the House ultimately turns out to be a foolish attempt, because the Council has no powers. But I have a weakness in such matters.

My supplementary questions, Sir, related to the frequent violations of the principle enunciated in answer to that question with reference to a particular Panchayat which I had in my mind them. Sir, in the election of Members from the Choondal village a gentleman belonging to a particular community was returned. That was a village with two seats, one was to be filled up by election and the other by nomination. The elected Member was a resident of the place belonging to a particular community. Here comes our Director of Public Health and Panchayats with his power of nomination on behalf of the Government and he nominates a member of the identical community as the

LIBRARY ARCHIVES Kerala Legislative Assembly

elected member—a gentleman having only landed property there but no residence. Of course, there is a house but it is not occupied. It is not likely that such a gentleman would take any interest in this village. But the Director has gone out of the way and nominated that gentleman. That is one instance. There were interests to be represented in that Panchayat whose case the Director was not pleased to consider. That is instance No. 1 of a flagrant violation of the very principle you have enunciated in answer to my question.

Sir, some bird whispers in my ears that a similar act has been done not in those parts as the one pointed out above but in the south in Trippunithura side. I shall not name the Panchayat. The Hon'ble Director knows. (A voice: We want to know). Then you force me to tell the name. I think the name of the Panchayat is Nadama. A graduate from a particular major community was returned to that Panchayat by election. Here comes our Director again with his nomination powers and nominates a gentleman from the identical community and I am told the nominated Member is related to the Director of Panchayats and Public Health. I think, now he is the President of that Panchayat. Sir, can disgraceful conduct go beyond this? This is the story of a thing which should be put an end to. It should not be allowed to continue. That is the fact. I know the name of the person. But I want to be graceful. Please don't press me. These are only two of the many instances of flagrant violations. The power of nomination vested in the Department is abused and abused ad nauseam to suit various purposes. Let us have an end of this state of things. That is the point that I want to press. It is hoped that the Government, though irremovable, though irresponsible, will still move in the matter and come to our rescue and also to the rescue of that officer who is the target of so many charges. Save him. Save us. Save all is my prayer to the Government. I support the cut.

* **Dr. A. R. Menon** *(Pallippuram)*.—I can quite sympathise with an officer who nominates a Member. It pleases none and displeases everybody. So long as the aim is special representation where this representation cannot be effected by some method of election nomination must be resorted to. Whatever method is adopted in the matter of nominations that will be questioned. For example even nominations in this House were called into question. Government are the person who nominate and they may have sufficient reasons for the same.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Those who take objection to that nomination also have equal reasons to object. How to get over the difficulty is the question. The only way to save the officers is to make some sort of election by which these minorities can also be elected, and make some reservation of seats because you cannot elect all minorities. Make some kind of reservation in the matter of election and let them come in. Let not this unpleasant duty be thrust upon any Government officer. Surely I have also heard many cases of complaint, and some, I believe, have got a basis of truth and some only imaginary. So long as this power of nomination is retained by any officer, even if it is by an angel, if nomination is done, his action will be called into question. I think the time has come that the principle of election may be extended and the Government may decide with reference to the various Panchayats as to which minority has a right to be represented. I think if we follow this there will not be any trouble. It is very bad to hand over this power to the officer for he is liable to be influenced by considerations, considerations which will give rise to all kinds of questions from outside. I think thatis the only way to get over the difficulty. I say it has become scandalous in some cases. (A voice: In most cases). Unless it is proved I cannot say in most cases. I myself know personally one or two instances where the action is questionable from my point of view. We do not know the reasons that prompted the Director of Public Health to make those nominations. From what I can understand there have been sufficient reasons. For these reasons I would suggest to the Government the possibility of devising some scheme by which all important minority communities may be enabled to come into the Board without nominations. Nomination must be entirely taken away. All the trouble arises with regard to the Presidents of Panchayats. After the election every member is anxious to get this position. That is the only observation I wish to make. I pray the suggestion will be considered both by the House and by the Government.

Mr. A. Narayana Menon (*Vyttila*).—Sir, I perfectly agree with the suggestion put forward before the House by my Hon'ble friend, the Member for Pallippuram. Even if the 3 instances are true they don't make out a case. With regard to the three instances quoted I shall show that one of the statements is false. Fortunately for me I was present at Trippunithura yesterday. I was able to learn first hand who the Chairman of the Nadamel Panchayat is.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Wadakkancheri).*—On a point of order, may I know whether the word 'false' is parliamentary?

Mr. A. Narayana Menon *(Vyttila).*—I substitute the words 'without foundation'. The statements under reference are based upon hearsay evidence. There has been a statement that the President of Nadama Panchayat is related to the Director of Panchayats. It is not correct. I know the three Presidents in the three Panchayats in the neighbourhood. None of them are related to the Director.

Mr. E. Ikkanda Warriar *(Urakam).*—Who are these Presidents?

Mr. A. Narayana Menon *(Vyttila).*—One is Mr. Mathen of Kumbalom. Another is one Mr. Kunhikrishna Menon of Elamkulam and another is the Secretary of the Trippunithura Co-operative Bank. I don't remember his name. None of them are in any way related to the Director of the Panchayats. That is why I began by saying that even if these statements are true they do not warrant serious consideration at the hands of the Government. To people who find fault with some solitary nominations I ask why don't you take into consideration that these nominations are not made by the Director of Public Health by personal enquires? In almost all cases the nominations are made upon the recommendations of subordinates. We have got 87 Panchayats; is it possible for the Director to make nominations in all the Panchayats after personal enquiries? It is imposiible.

Mr. P. Kumaran Ezhuthassan *(Wadakkancheri).*—Is it personal experience?

Mr. A. Narayana Menon *(Vyttila).*—I have to my credit more public experience than the Hon'ble Member for Wadakkancheri.

I know how things are going on. Nominations to Panchayats are made on the reports of the Inspector of Panchayats. The Director accepts them, and acts on them. Such things were going on for a long time in the past. If some such device as suggested by the Hon'ble Member for Pallippuram be accepted there will be an end to all complaints. In the meanwhile I would respectfully submit to this House that these stray facts do not warrant so much of vehemence and that the prestige of

LIBRARY ARCHIVES Kerala Legislative Assembly

this House will be considerably affected by the way in which such things are seen handed here.

Dr. A. R. Menon (*Pallippuram*).—On a point of information, Sir, are the nominations made on the report of the Inspectors?

Dr. E. S. R. Menon (*Director of Public Health and Panchayats*).—The Panchayat Inspectors go to the locality and after investigation report.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— പഞ്ചായത്തുകളിലെ നോമിനേഷനെ സംബന്ധിച്ചു ഞാനൊന്നും പറയുന്നില്ല. പക്ഷേ ഈ കാര്യത്തിൽ ഗവർമ്മെണ്ടിനെ സഹായിക്കുവാൻവേണ്ടി വന്നവർ പറഞ്ഞ സംഗതികളെപ്പറ്റി സ്പഷ്ടം പറയേണ്ടിയിരിക്കുന്നു. നോമിനേഷന്റെ കുറ്റം താഴെയുള്ളവരുടെ തലയിൽ വെക്കുന്നതു ശരിയല്ല. ഡയറക്ടർ കുറ്റക്കാരനല്ലെങ്കിൽ കുറ്റം ഗവർമ്മെണ്ടിന്റെ തലയിൽ വെക്കുക അല്ലാതെ ഡയറക്ടരുടെ താഴെയുള്ളവരുടെ തലയിൽ വെക്കുന്നതു ന്യായമല്ല. അതു പരമാർത്ഥത്തിനു യോജിച്ചതായിരിക്കയുമില്ല.

മിസ്റ്റർ കെ. നാരായണമേനോൻ (*Registrar of Co-operative Societies*).— അവർക്കും ബാദ്ധ്യതയില്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— താഴെയുള്ളവരെക്കൊണ്ടു ശരിക്കു ജോലിചെയ്യിക്കേണ്ട ബാദ്ധ്യത മേലുദ്യോഗസ്ഥനാണുള്ളതു്. ബാദ്ധ്യത താഴെയുള്ളവരുടെ തലയിലും ഭാരം മേലുദ്യോഗസ്ഥനും വെക്കുന്നതു ന്യായമല്ല. താഴെയുള്ളവർ ചെയ്യുന്ന ശുപാർശകൾ വരുമ്പോൾ പ്രാതിനിദ്ധ്യം ഇല്ലാത്ത സമുദായങ്ങളിൽനിന്നു ആളുകളെ ശുപാർശചെയ്യാത്തതു എന്തുകൊണ്ടാണെന്നു ഡയറക്ടർ ചോദിക്കേണ്ടിയിരിക്കുന്നു.

ഡാക്ടർ ഈ. എസ്സ്. ആർ. മേനോൻ (*Director of Public Health and Panchayats*).— അങ്ങിനെ ചോദിച്ചാണു ചെയ്യുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— അതിനെ സംബന്ധിച്ചു ആക്ഷേപങ്ങൾ ഉണ്ടായിരുന്നില്ലേ?

ഡാക്ടർ ഈ. എസ്സ്. ആർ. മേനോൻ (*Director of Public Health and Panchayats*).— ആക്ഷേപമൊന്നുമില്ല. ഒരു കംപ്ലെയിൻറ് മാത്രമുണ്ടായിരുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— ഞങ്ങൾ ഈ നിയമസഭയിൽ ഉദ്യോഗസ്ഥന്മാരോടു വാദിക്കുന്നതുപോലെ ഉദ്യോഗസ്ഥന്മാർ അവരുടെ കീഴിലുള്ളവരോടും ശരിക്കും ന്യായം ചോദിക്കണം. കീഴുദ്യോഗസ്ഥന്മാർ മേലുദ്യോഗസ്ഥന്മാരുടെ ശുപാർശകളെ മാത്രം വച്ചുകൊണ്ടല്ല നോമിനേഷൻ നടത്തേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

ഏതായാലും ഒരു സംഗതി എനിക്കു പറയുവാനുണ്ട്. പഞ്ചായത്തു നോമിനേഷനുണ്ടെങ്കിൽ അതിൽ ഒന്നു രണ്ടെണ്ണം സേവയിൽ പോയാലും തരക്കേടില്ല, അതിൽ വലിയ കുഴപ്പങ്ങളൊന്നും വരുവാനില്ല. ഈ നിയമസഭയിൽ ഗവർമ്മെണ്ടിന്റെ നയത്തെപ്പറ്റി ഏതെങ്കിലും അക്ഷേപങ്ങൾ വരുമ്പോൾ വളരെ പ്രാവശ്യം ക്ഷമിച്ചിരുന്നിട്ട് തീരെ ക്ഷമിക്കുവാൻ നിവൃത്തിയില്ലാത്ത അവസരം വരുമ്പോഴാണ് ഇങ്ങിനെ ഭൂരിപക്ഷം ചേർന്ന് എതിർക്കാറുള്ളത്. അതുകൊണ്ട് മേലാലെങ്കിലും ഈ വക കാര്യങ്ങൾ ഭംഗിയായി നടത്തിയാൽ മതി. അതു ഗവർമ്മെണ്ടിനു ഒരു പ്രയാസമുള്ള സംഗതിയല്ല. അതുകൊണ്ട് മേലാലെങ്കിലും ദയവുചെയ്തു ഈ നോമിനേഷനെല്ലാം പ്രാതിനിദ്ധ്യം കിട്ടാത്ത സമുദായങ്ങളിൽനിന്നും നടത്തണം. എഫിഷൻസി ന്യായം പറഞ്ഞുകൊണ്ട് ധാരാളം പ്രാതിനിദ്ധ്യമുള്ള സമുദായത്തിൽനിന്നു ആളുകളെ എടുത്തു എന്നു പറഞ്ഞാൽ അതു് ശരിയായ സമാധാനമാകുകയില്ല. പ്രസിഡണ്ടു സ്ഥാനത്തിനു ശ്രമിക്കുന്നവരുടെ ശുപാർശകൾക്കു ഡയറക്ടർ വിധേയനാകാതെ നോക്കിയാൽ നോമിനേഷൻ സംബന്ധിച്ച കുഴപ്പം അധികം ഉണ്ടാകുന്നതല്ല.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— പ്രസിഡണ്ടന്മാർ ഇതിലൊന്നും കയ്യിടാറില്ല.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— അതു പറഞ്ഞു? പ്രസിഡണ്ടാകാൻ ശ്രമിക്കുന്നവർ അവരവരുടെ ആളുകളെ നോമിനേറ്റുചെയ്തു കിട്ടുവാൻവേണ്ടി ശ്രമിക്കുക പതിവാണ്.

Mr P. Kumaran Ezhuthassan (*Wadakkancheri*).— Can I get get some information. May I know whether in any Panchayat either in the Vyttila or Trippunithura Constituency there is a nominated Member by name Mr. E. Govinda Menon?

Dr. E. S. R. Menon (*Director of Public Health and Panchayats*).—Yes. But he is not the President.

Mr. P. Kumaran Ezhuthassan (*Wadakkancheri*).—He belongs to the Elamana House. Is it not?

Dr. E. S. R. Menon (*Director of Public Health and Panchayats*).—Yes.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി (*Trichur South*).— പഞ്ചായത്തു് ഇൻസ്പെക്ടരുടെ ശുപാർശ അനുസരിച്ചാണോ എല്ലാ സമയത്തും പഞ്ചായത്തു ഡയറക്ടർ ഗവർമ്മെണ്ടിലേയ്ക്കു റക്കമെൻറ് ചെയ്യാറുള്ളതു്?

Dr. E. S. R. Menon *Director of Public Health and Panchayats*).—It is accepted except when there are complaints.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി *(Trichur South)*.— പഞ്ചായത്തു ഇൻസ്പെക്ടരുടെ 'ഇൻവയലബിൾ' ആയിട്ടുള്ള ശുപാർശകൾ അനുസരിച്ചാണോ ഡയക്ടരവർകൾ റക്കമെൻറു ചെയ്യാറുള്ളതു്?

Mr. K. P. Kannan Nayar *(Secretary to Government)*.— I would like to explain the position. With reference to these nominations Government have already passed orders that before accepting the nominations recommended by the Director the Department has to give an explanatory statement as regards the various communities which live in that particular locality, how many people have been elected from these communities and how many have not been elected, and when a member of a particular community is recommended for nomination, the reason for that, etc. It is only after all these informations are obtained and the explanation found satisfactory that the Government generally approve of these nominations. It is only recently that the Government have passed that order.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി *(Trichur South)*.— ഇതു ഡയറക്ടരവർകളുടെ കംപ്ലെയിൻറാ അതോ പുറമേയുള്ള ആളുകളുടെ കംപ്ലെയിൻറാ?

Deputy President.—Order. Order.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— *(Ezhuvas North)* ഗവൺമെൻറിൽനിന്നും ചെയ്തിട്ടുള്ള നിശ്ചയപ്രകാരം അവിടെ അനുവർത്തിച്ചിട്ടുള്ള നയത്തെ അനുകരിക്കുന്നുണ്ടെന്നോ അതനുസരിച്ചു പ്രവൃത്തിക്കുന്നുണ്ടെന്നോ ഉള്ള അഭിപ്രായമെനിക്കില്ലാത്തതു കൊണ്ടാണു് ഈ സംഗതിയെപ്പറ്റി ഞാനൊരുപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. തൃശ്ശൂർ പഞ്ചായത്തു്, പറപ്പൂക്കര പഞ്ചായത്തു് ഈ രണ്ടു പഞ്ചായത്തുകളിലെ തിരഞ്ഞെടുപ്പിൽ ഈഴവർക്കു വിജയം അസാദ്ധ്യമാണെങ്കിലും ജനസംഖ്യകൊണ്ടു നോക്കിയാൽ വലിയ ഒരു സമുദായമാണു് ഈഴവസമുദായം. അവരിൽ നിന്നു് ഇതേവരെ നടന്നുകൊണ്ടിരുന്ന നോമിനേഷൻ കൂടി എടുത്തുകളഞ്ഞിട്ടു തിരഞ്ഞെടുപ്പിൽ വിജയമായിട്ടുള്ള മറ്റുസമുദായങ്ങളിൽ നിന്നു നോമിനേഷൻ നടത്തിയെന്നുള്ള ഒരാക്ഷേപമാണു് പറപ്പൂക്കര പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളമുള്ളതു്. തൃക്കൂരിൽ ഈഴവനെ നോമിനേറും ചെയ്യുന്നില്ല. സനാതനികളായ ആളുകളുടെയിടയിൽ ഈഴവനേയോ അധഃകൃതനേയോ കടത്തി അശുദ്ധമാക്കാതെ ഇരിക്കണം എന്നുള്ള വിചാരംകൊണ്ടായിരിക്കാം പഞ്ചായത്തു ഡയറക്ടർ അങ്ങിനെ ചെയ്തിട്ടുള്ളതു് എന്നു ഊഹിക്കേണ്ടിയിരിക്കുന്നു. പറപ്പൂക്കര പഞ്ചായത്തിൽ ഏലക്ഷൻ ചില അവസരങ്ങളിൽ ഈഴവർ ശ്രമിച്ചിട്ടു് ഇതേവരെ അവർക്കു കിട്ടിയിട്ടില്ല. താന്ന്യം പഞ്ചായത്തിൽ സവർണ്ണരിൽനിന്നും ക്രസ്ത്യാനികളിൽനിന്നും ഈഴവരിൽനി

LIBRARY ARCHIVES Kerala Legislative Assembly

ന്നും എലക്ട് ചെയ്ത മെമ്പർമാരുണ്ട്. അവിടെ അധ:കൃതരിൽ നിന്നൊരാളെ നോമിനേറു ചെയ്യുവാൻ അധ:കൃതർ ഹർജി കൊടുത്തുവെങ്കിലും എലക്ഷനിൽ വിജയമായിട്ടുള്ള് സമുദായത്തിൽ നിന്നാണ് നോമിനേഷൻ നടത്തിയതു്. എല്ലാ പഞ്ചായത്തുകളേയും സവർണ്ണീകരിക്കണമെന്നു പഞ്ചായത്തു ഡയക്ടർ അവർകൾക്കു അഭിപ്രായമുള്ളതുപോലെയാണ് പഞ്ചായത്തുകളുടെ അനുഭവം നോക്കിയാൽ മനസ്സിലാകുന്നതു്. ഈഴവക്കും അധ:കൃതക്കും തിരഞ്ഞെടുപ്പിൽ വിജയം സിദ്ധിക്കാത്ത പല പഞ്ചായത്തുകളിൽ നിന്നും നോമിനേഷനുവേണ്ടി വകുപ്പുദ്യോഗസ്ഥന്മാർ പല അപേക്ഷകളും കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ആ അപേക്ഷകളെ അവഗണിക്കുന്നുവെന്നോയുള്ളൂ.

പൂമംഗലം പഞ്ചായത്തിലെ തിരഞ്ഞെടുപ്പു കഴിഞ്ഞു. അവിടെ അദ്ദേഹം വിചാരിച്ചിരുന്നതുപോലെ പ്രസിഡൻറുഷിപ്പ് കിട്ടിയില്ല എന്നുവച്ചു് ആ തിരഞ്ഞെടുപ്പു അസ്ഥിരപ്പെടുത്തി. പള്ളിപ്പുറം പഞ്ചായത്തിൽ അദ്ദേഹം വിചാരിച്ചിട്ടുള്ള ആളെ പ്രസിഡൻറാക്കണമെന്നു അവിടത്തെ പഞ്ചായത്തു മെമ്പർമാർ ഓരോരുത്തരോടും പറഞ്ഞിട്ടു് അതു് സാദ്ധ്യമല്ലെന്നുവന്നപ്പോൾ ഇതേവരെ അവിടെ . . . . . .

Deputy President.—Unless the Hon'ble Member is in possession of documentary evidence to substantiate these statements I cannot allow these statements to go on.

മിസ്റ്റർ കെ. പി. കണ്ണൻ നായർ *(Secretary to Government)*—ഓരോരുത്തരോടും പറഞ്ഞു എന്നുള്ളതിനു തെളിവുണ്ടോ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഉണ്ടു്. അവസരം നൽകിയാൽ തെളിയിക്കാം. അതിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ഇന്നും ഗവമ്മെൻറു മുമ്പാകെ നിലവിലുള്ളതാണു്. എറവു പഞ്ചായത്തിൽ ഒരു ഈഴവനെ നോമിനേറു ചെയ്യണമെന്നു അപേക്ഷിച്ചപ്പോൾ വിജയികളായിട്ടുള്ള സമുദായങ്ങൾ ഏതൊക്കെയുണ്ടോ അതൊക്കെ നോക്കിയാണു നോമിനേറു് ചെയ്തിരിക്കുന്നതു്. കാരുമാത്ര വില്ലേജിൽ എലക്ഷൻ വന്നാൽ ഒരു ഈഴവനേയെ കിട്ടുകയുള്ളൂ എന്നു വന്നപ്പോൾ അതുമാറ്റി അവിടെ നോമിനേഷനാക്കി. അപ്പോൾ അവിടെ ഒരു പുതിയ നിയമം കൊണ്ടുവന്നു. ഇങ്ങനെ ഓരോ വില്ലേജുകളിലും ഈഴവക്കു കൂടുതൽ പ്രാതിനിധ്യം കിട്ടുന്ന സ്ഥലങ്ങളിൽ . . . . .

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— സർ, എലക്ഷൻ . . . . .

Deputy President.—Order. Order. If one Hon'ble Member wants to interrupt another Hon'ble Member he must stand up and if the Hon'ble Member who is speaking sits down he can speak.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുന്നത് ഒരു മെമ്പർ സംസാരിക്കുമ്പോൾ വേറെ ഒരു മെമ്പർക്കു സംസാരിക്കണമെങ്കിൽ എഴുന്നേറ്റുനിന്നു സംസാരിക്കുന്ന മെമ്പർ അവകാശം തന്നതിനു ശേഷമേ പാടുള്ളൂ എന്നാണ്.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).—ഏലക്ഷൻ നിർത്തി നോമിനേഷൻ ആക്കിയത് ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

Dr. E. S. R. Menon (*Director of Public Health and Panchayats*).—I want notice for that.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ചാഴൂർ പഞ്ചായത്തിൽ ഒരു മുസ്ലീം മെമ്പരെ നോമിനേറ്റു ചെയ്തു. ആ നോമിനേറ്റഡ് മെമ്പർ രാജിവെച്ചുപോയി. ആ സ്ഥാനത്തു വേറെ ഒരു മുസ്ലീം മെമ്പറെ നോമിനേറ്റു ചെയ്യണമെന്നപേക്ഷിച്ചുകൊണ്ടു എല്ലാ വില്ലേജുകളിലേയും മുസ്ലിമിങ്ങൾക്കുടി ഒരു ഹർജി അയച്ചിരുന്നുവെങ്കിലും തിരഞ്ഞെടുക്കപ്പെട്ട സവർണ്ണ സമുദായത്തിൽ നിന്നാണ് അവിടെ നോമിനേറ്റു ചെയ്തത്. ഇങ്ങനെയുള്ള അനാശാസ്യകരമായ സമ്പ്രദായങ്ങൾ മേലാൽ ഗവമ്മെണ്ടു എടുക്കാതെ, തിരഞ്ഞെടുപ്പിൽ വിജയം സിദ്ധിക്കാത്തതും ജനസംഖ്യകൊണ്ടു മുതിർന്നിരിക്കുന്നതുമായ സമുദായങ്ങളെ നോക്കി നോമിനേഷൻ കൊടുത്തുകൊള്ളാമെന്നു ഗവമ്മെൻറു സമ്മതിക്കുകയാണെങ്കിൽ ഞാൻ എന്റെ ഉപക്ഷേപം പിൻവലിക്കാം. ഇങ്ങനെയുള്ള സംഗതികളിൽ ഗവമ്മെൻറു പ്രത്യേകം ശ്രദ്ധവെക്കണമെന്നാണു ഞാൻ പറയുന്നത്. പഞ്ചായത്തുകളിലെ നോമിനേഷനേറയും ഏലക്ഷനേറയും, പ്രസിഡൻറു ഏലക്ഷനേറയും കാര്യം ഈ നിലയിലായാൽ ഒരു പഞ്ചായത്തിലേയും പണി ഈ കൊച്ചി രാജ്യത്തു ശരിക്കു നടക്കുകയില്ല.

Mr. P. Govinda Menon (*Adur*).—Sir, something was referred to the annulment of the Poomangalam Panchayat election. Sir, are these Panchayat elections not set aside after taking evidence and is not an appeal lying from the order of the Director?

Dr. E. S. R. Menon (*Director of Public Health and Panchayats*).—Yes.

Mr. P. Govinda Menon (*Adur*).—The Hon'ble Member has raised all sorts of new points in his reply.

മിസ്റ്റർ ടി. സി. ഇമ്മുക്കുട്ടി (*Pazhanji*).— ഒരു പഞ്ചായത്തിൽ ഈഴവർക്കു പ്രാധിനിദ്ധ്യമില്ലാത്ത സ്ഥലത്തു നോമിനേഷൻ ചെയ്യാറില്ല എന്നിവിടെ പറഞ്ഞു അതിനൊരു ദൃഷ്ടാന്തം പറവാനാണ് ഞാൻ വിചാരിക്കുന്നത്.

Deputy President.—I cannot allow another member to speak after the Mover has replied. If you want any information, you can ask for it.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. P. Kannan Nayar *(Secretary to Government).*—Every step that is necessary to ensure the representation of communities that are not represented will be taken up by the Government.

Mr. P. Kumaran Ezhuthassan *(Wadakkancheri).*—We are much obliged for that.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas South*).— ഗവർമെണ്ട് ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കാമെന്നു പറഞ്ഞതുകൊണ്ട് ഹൗസിന്റെ അനുവാദത്തോടുകൂടി ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion was by leave withdrawn.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— സർ, എന്റെ പേരിൽ ചേർത്തിട്ടുള്ള ഒരു ഉപക്ഷേപം വില്ലേജു പഞ്ചായത്തുകളിലുള്ള ഗ്രമസ്ഥന്മാർ, പകർപ്പു ഗ്രമസ്തന്മാർ, ശിപായിമാർ തുടങ്ങിയ ഉദ്യോഗസ്ഥന്മാരുടെ സമ്പ്രീസുകൾ സർക്കാർ സമ്പ്രീസായി ഗണിച്ചു അവർക്കു സർക്കാർ ഉദ്യോഗസ്ഥമാർക്കുള്ള സകല ആനുകൂല്യങ്ങളും (പെൻഷൻമുതലായവ) നൽകേണ്ടതാണ് എന്നു ഗവർമ്മെൻറിനെ ഉൽബോധിപ്പിക്കുവാൻ വേണ്ടി അയച്ചിട്ടുള്ളതാണ്. പഞ്ചായത്തുകോൺഫറൻസിൽ ഈ പ്രമേയം പാസ്സായിട്ടുണ്ടെന്നുള്ളതു് എല്ലാവർക്കും അറിയാം. ഗവർമ്മെൻറിനും അറിയാം. പഞ്ചായത്തു് കോൺഫറൻസിന്റെ തീരുമാനമനുസരിച്ചു ഗവർമ്മെൻറു ചിലതെല്ലാം ചെയ്യുമെന്നു ഇതിനു മുമ്പു ഇവിടെ നടന്നിട്ടുള്ള വാദപ്രതിവാദങ്ങളിൽ നിന്നു പ്രത്യക്ഷമായിരിക്കുന്നതുകൊണ്ടു് കൂടുതലായി ഇപ്പോൾ ഒരു ഉപക്ഷേപം അവതിരിപ്പിച്ചു് വാദപ്രതിവാദം ചെയ്യണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഫെലക്ഷം രൂപ ശമ്പളം വകയ്ക്കു ഗവർമ്മെൻറിനു ചിലവു വരുന്നുണ്ടെന്നു ഇതിനു മുമ്പു് ഒരു കണക്കു ഇവിടെ പറയുകയുണ്ടായി. ഇത്ര വമ്പിച്ച സംഖ്യ ശമ്പളം വകയ്ക്കു ചിലവാക്കിക്കൊണ്ടിരിക്കുന്ന ഗവർമ്മെണ്ടിനു ഏറ്റവും നിസ്സാരമായ ഈ കാര്യം വലിയ കാര്യമായി വിചാരിക്കത്തക്കതല്ല. ഇവരുടെ സമ്പ്രീസും പെൻഷണബിൾ ആക്കിക്കൊടുക്കണമെന്നുള്ള ഒരപേക്ഷയാണ് എനിക്കുള്ളതു്. ഈ കോൺഫറൻസിന്റെ തീരുമാനത്തെപ്പറ്റിയുള്ള ആലോചന ഗവർമ്മെൻറിൽ വരുമ്പോൾ ഈ സാധുക്കളുടെ കാര്യത്തിൽ പ്രത്യേകിച്ചും ദയകാണിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഇതു മൂവ് ചെയ്യുന്നില്ല.

Motion No. 57.

Mr. K. Kunhirama Menon *(Cheruthuruthy).*—*"To reduce the allotment of Rs. 2,06,514 for Village Panchayats by Re. 1.*

പഞ്ചായത്തിൽനിന്നു പുറമ്പോക്കുകൾ ഇരുവശത്തും ഇല്ലാത്ത സ്ഥലങ്ങളിൽ പണി ചെയ്തിരുന്ന തല്ക്കാലികമായ പാലങ്ങൾ നിന്തൽ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുതിനെ വീണ്ടും തുടങ്ങണമെന്നാ സംഗതി ബഹുമാനപ്പെട്ട ഗവ മ്മെൻറിനെ ഉൽബോധിപ്പിക്കുവാൻ".

സർ, പഞ്ചായത്തു കോൺഫറൻസിൽ പാസ്സായിട്ടുള്ള തീരുമാന ങ്ങളെക്കുറിച്ചു ഗവമ്മെൻറു പ്രത്യേകം ശ്രദ്ധിക്കാമെന്നു പറഞ്ഞിട്ടുള്ള തുകൊണ്ടും ഇക്കാര്യത്തിൽ കുറച്ചുകൂടി കൂട്ടുതലായ ശ്രദ്ധപതിക്കണമെ ന്നു ഗവമ്മെൻറിനോടപേക്ഷിച്ചുകൊണ്ടും ബഹുമാനപ്പെട്ട ഗവമ്മെണ്ടി ൻെറ അഭിപ്രായത്തിന്നായി ഞാൻ ഇതു് ഇവിടെ അവതരിപ്പിച്ചു കൊ ള്ളുന്നു.

Dr. E. S. R. Menon *(Director of Public Health and Panchayats).*—All the resolutions passed by the Panchayat Conference are pending orders of the Government.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Wadakkancheri).*— ഇതിന് എന്തു ചിലവുവരുമെന്നും ഗവമ്മെൻറിൻെറ മറുപടി എന്താണെന്നും അറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ പി. ജെ. ജോഞ്ജ് *(Joint Secretary to Government).*— ഇതിൽ കുറച്ചൊരു ബുദ്ധിമുട്ടണ്ടു്. ഒരു പാലം കെട്ടിയിട്ട അതിൻെറ രണ്ടുഭാഗത്തും ഉള്ള ഭൂമിയുടമസ്ഥന്മാർ അവിടെ വേലികെട്ടി അടക്കുക യാണെങ്കിൽ പിന്നെ ആ പാലം കൊണ്ടു യാതൊരു പ്രയോജനവുമില്ല. അങ്ങിനെ രണ്ടു ഭാഗത്തുള്ള ആളുകളും അടച്ചുകെട്ടുകയില്ലെന്നു എഗ്രിമെ ൻറു കൊടുക്കുകയാണെങ്കിൽ അവിടെ ഒരു ടെമ്പററി bridge (പാലം) കൊടുക്കുവാൻ വിരോധമില്ല. അതു ഗവർമ്മെൻറിൻെറ ആലോചന യിൽ ഇരിക്കുകയാണു്.

മിസ്റ്റർ വി. കെ. കുട്ടി *(Muslims).*— അവരുടെ അവകാശം പോകാത്ത നിലയിൽ അടച്ചു കെട്ടാതിരുന്നാൽ പാലം കൊടുത്ത തുകൊണ്ടെന്താണു വിരോധം?

* മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Wadakkancheri).*— എത്രത ന്നെ സംസാരിക്കണ്ട എന്നു വിചാരിച്ചാലും സംസാരിക്കുവാനുള്ള അവ സരം ഗവർമ്മെൻറു തന്നെ ഉണ്ടാക്കിത്തരും. ഈ ഉപക്ഷേപത്തിൽ പറഞ്ഞിട്ടുള്ള സംഗതി "പഞ്ചായത്തിൽനിന്നു പുറമ്പോക്കുകൾ ഇരുവ ശത്തും ഇല്ലാത്ത സ്ഥലങ്ങളിൽ പണി ചെയ്തിരുന്ന താല്ക്കാലിക പാ ലങ്ങൾ നിൎത്തൽ ചെയ്യുതിനെ വീണ്ടും തുടങ്ങണമെന്നാ സംഗതി ബഹു മാനപ്പെട്ട ഗവർമ്മെൻറിനെ ഉൽബോധിപ്പിക്കുവാൻ" ഇതിനെ ഉൽ ബോധിപ്പിക്കുകയല്ലവേണ്ടതു്. ഇതിൽ രണ്ടു മൂന്നു സംഗതികൾ കാണു ന്നുണ്ടു്. നല്ലവണ്ണം വായിച്ചു നോക്കണം ആളുകൾ. ഇതിൽ പറയുന്നു— വെള്ളം ഒഴുകിപോകുന്നതിൻെറ മീതെക്കൂടി പോകുവാനുള്ള ഒരു സൂ ക്ഷ്മമാണു് പാലം— ആ പാലത്തിൻെറ അങ്ങേത്തലക്കലും ഇങ്ങേത്ത ലക്കലും പുറംപോക്കില്ലാത്ത സ്ഥലത്തു് ജനങ്ങളുടെ രക്ഷക്കുവേണ്ടി

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മുൻപ് പാലമിട്ട തള്ളിയിരുന്നു. അതു നിറുത്തിയിരിക്കുന്ന ഇപ്പോൾ. അതെന്തുകൊണ്ടാണെന്നു ചോദിച്ചപ്പോൾ അസിസ്റ്റൻറ് സെക്രട്ടറി പറഞ്ഞ മറുപടി അങ്ങേവശത്തും ഇങ്ങേവശത്തുമുള്ള ആളുകൾ ആ വഴി മുള്ളുവേലി കെട്ടി തടഞ്ഞാൽ പണം ചിലവാക്കി പാലം കെട്ടുന്നതു് നഷ്ടമല്ലേയെന്നാണു്. കൊച്ചി രാജ്യത്തെ ജനങ്ങൾ അത്ര മരമണ്ടന്മാരാണോ? കൊല്ലംതോറും വിദ്യാഭ്യസത്തിനും പഞ്ചായത്തിനും അതിനും ഇതിനുമൊക്കെ പണം ചിലവാക്കിക്കൊണ്ടിരിക്കുമ്പോൾ അത്ര മരമണ്ടന്മാരാണോ ജനങ്ങൾ? ഞങ്ങളുടെ വില്ലേജുകളിലെ ആളുകൾ അങ്ങിനെ ബുദ്ധിശൂന്യന്മാരുമല്ല, കൊള്ളരുതായ്മ ചെയ്യുന്നവരുമല്ല, ഒന്നുമല്ല. പട്ടിണികിടന്ന നിങ്ങൾക്കു നികുതി തന്നു, നിങ്ങൾക്കു തടിച്ച ശമ്പളം തരുവാനായി മുൻപു ഞാൻ പറഞ്ഞമാതിരി കൃഷിചെയ്തു കൊണ്ടിരിക്കുന്നവരാണു് അവർ. ഗവർമ്മെൻറിൽനിന്നു മുൻപു കൊടുത്തുവന്നിരുന്ന പാലത്തിനു ഇങ്ങനെ ഒരാക്ഷേപം പഞ്ചായത്തു ഡിപ്പാർട്ടുമെൻറിലോ ഗവർമ്മെൻറിൻെറ മറേറതെങ്കിലും ഡിപ്പാർട്ടുമെൻറിലോ വന്നിട്ടുണ്ടെങ്കിൽ ഞാൻ മാപ്പുചോദിക്കാം. ഗവർമ്മെൻറിൽ നിന്നു പാലമിട്ടാൽ അങ്ങേപ്പുറത്തും ഇങ്ങേപ്പുറത്തുമുള്ളവർ വേലികെട്ടുമെന്നുപറഞ്ഞു, അങ്ങിനെയാരും ചെയ്യുകയില്ല സാർ. അത്രക്കു ബുദ്ധിശൂന്യന്മാരാരുമില്ല സാർ കൊച്ചി രാജ്യത്തു്. വല്ലവരും അങ്ങിനെ കൊള്ളരുതായ്മ ചെയ്യുന്നുണ്ടെങ്കിൽ അവരെ പഠിപ്പിക്കണം നിങ്ങൾ. ജനങ്ങളുടെ ഗതാഗതത്തിനു അവർ വേലിയിൽചാടി ചാകാതെകണ്ടു്, പാലത്തിൽക്കൂടി നടക്കുവാനുള്ള ആവശ്യത്തിനു പാലം കെട്ടുന്നതിനെ തടയുവാൻ കൊച്ചി രാജ്യത്തു് ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അതു് മഹാരാജാവു തിരുമനസ്സിലെ പ്രജകളുടെ ലക്ഷണമല്ല സർ. അങ്ങിനെ പറയുന്നതിനെ നിങ്ങൾ മാററണം. നിങ്ങൾ മാറുന്നില്ലെങ്കിൽ നിങ്ങളെക്കൊണ്ടു മാററിക്കും. ഇങ്ങനെ പറയുകയോ! പാലത്തിൻെറ അങ്ങേവശത്തും ഇങ്ങേവശത്തും മുള്ളുവേലി ഉണ്ടാക്കുമെന്നു് വ൦൦-൦, ന്൦൦-൦ ശമ്പളം വാങ്ങുന്നവർ പറയുകയോ! പ്രത്യേകിച്ചും നാട്ടുപുറത്തുനിന്നുവരുന്ന ഞങ്ങളോടു പറയുകയോ! അങ്ങിനെയുള്ള ആളുകൾ ഈ കൊച്ചി രാജ്യത്തില്ല, നമ്മുടെ മഹാരാജാവു തിരുമനസ്സിലെ പ്രജകളിലാരുമില്ല. ഇതു ഞാൻ പറയുന്നു നിങ്ങളോടു്, നിങ്ങൾ നിഷേധിക്കുവിൻ കാണട്ടെ! വെറും അർത്ഥശൂന്യമായ വാക്കുകൾ പറയുന്നു! ഒരു പഞ്ചായത്തു കോൺഫറൻസിൽ നിന്നു ഫ്ര പ്രമേയങ്ങൾ അയച്ചുതായികണ്ടു ഒന്നിനെപ്പററിയെങ്കിലും ഒന്നും ചെയ്തിട്ടില്ല. രണ്ടാമതു് കോൺഫറൻസ് കൂടിയതിനുശേഷവും അതു് ആലോചനയിൽ ഇരിക്കുന്നു എന്നാണു പറയുന്നതു്. ഇങ്ങനെ ഗവർമ്മെൻറു ആലോചിക്കുന്നു എന്നു പറഞ്ഞാൽ ഞങ്ങൾ സമ്മതിക്കുമോ? മദ്ധ്യാഭക്കു മുൻപു ചെയ്തിരുന്ന നയം തുടരണമെന്നോ ആവശ്യപ്പെടുന്നുള്ളൂ. ഗവർമ്മെൻറിനോടു് ഇതു് സ്വീകരിച്ചോ എന്നു ചോദിച്ചതിനു ആവാം അല്ലെങ്കിൽ ഇല്ല എന്നു പറയരുതേ! അവിടെ ഇരിക്കുന്ന നിങ്ങൾ ഫർ ആളു

LIBRARY ARCHIVES Kerala Legislative Assembly

കൾക്കും എത്ര ശമ്പളമുണ്ട്. അഗ്രികൾച്ചറിനെപ്പറ്റി സംസാരിക്കാനുള്ള അവസരം വരുമ്പോൾ ശങ്കരമേനോന്റെ റിപ്പോർട്ട് ഞാൻ ഇവിടെ ഉദാഹരണസഹിതം കാണിച്ചു നിങ്ങളുടെ മറുപടിയെ അലസിക്കളയാം. "മാനംകുലധന"മെന്നുള്ള കൊച്ചി ഗവമ്മെൻറിന്റെ മുദ്രവാക്യത്തെ വിശ്വസിക്കുന്ന നിങ്ങൾ മാനത്തെ രക്ഷിക്കണേ, മഹാരാജാവു തിരുമനസ്സിനെ ചീത്തയാക്കരുതേ, അവരുടെ പേരിനെ രക്ഷിക്കണേ പണിയെടുത്തിട്ട് ട്രഷറിയിൽ കൊണ്ടുപോയി അടച്ചു നിങ്ങൾക്കു ശമ്പളമായിത്തരുന്നതിനെ മേടിച്ചുകൊണ്ട് മനുഷ്യനു വിശ്വസിക്കാൻ പാടില്ലാത്ത മറുപടി പറയുന്നതു് കേട്ടാൽ ഞങ്ങൾ സഹിക്കുകയില്ല. ഞങ്ങൾ നിങ്ങളുടെ ശമ്പളം കുറക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ അതു് നടപടിക്രമത്തിനു വ്യത്യാസമാകുമെന്നു പറയുകയുണ്ടായി. ഹാ! കഷ്ടം കഷ്ടം!

രണ്ടാമതും ഞാൻ പറയുന്നു നിങ്ങളിതു ചെയ്യാമെന്നു പറയുക. അതുകൊണ്ടു സാർ ഞാൻ ഈ ഉപക്ഷേപത്തെ സപ്പോർട്ട ചെയ്യുന്നതോടുകൂടിത്തന്നെ എന്റെ നെഞ്ഞത്തു കൈവച്ചുകൊണ്ടു പറയുന്നു ഇതു് നിങ്ങൾ ചെയ്യാമെന്നു ഇനിയെങ്കിലും പറയുക. നിങ്ങളും മനുഷ്യരാണെന്നുള്ള വിശ്വാസത്തോടുകൂടിയാണു ഞാനിതു പറയുന്നതു്.

മിസ്റ്റർ പി. ജെ. ജോർജ് *(Joint Secreary to Government)*.— ഇവിടെ പറഞ്ഞ മറുപടിയുടെ സാരം മനസ്സിലാകാതെ പറയുന്നതു ശരിയല്ല. ഇങ്ങനെയുള്ള ഒരു പാലത്തിനു തടസ്ഥം വരത്തക്കവണ്ണം വേലികെട്ടുന്ന ദിക്കിൽ പാലം ഉണ്ടാക്കിയിട്ടു പ്രയോജനമില്ലെന്നാണു പറഞ്ഞതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Wadakkancheri)*.— അങ്ങിനെയുണ്ടോ ഒരു കേസ് ഈ കൊച്ചീ രാജ്യത്തു്?

മിസ്റ്റർ പി. ജെ. ജോജ്ജ് *(Joint Secretary to Government)*.— അവർ വഴി തരുവാൻ തയ്യാറില്ലെന്നു പറയുന്നപക്ഷം പാലം എന്തിനാണു് ഉണ്ടാക്കുന്നതു്?

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Wadakkancheri)*.— വഴി തരുവാൻ തയ്യാറില്ലെന്നു പറഞ്ഞുകൊണ്ടു് കഷ്ടപ്പെട്ട തോന്നിയ വഴിയിൽക്കൂടി നടക്കുവാൻ പറയുന്ന ബുദ്ധിശൂന്യന്മാർ ഈ കൊച്ചീ രാജ്യത്തില്ല.

മിസ്റ്റർ പി. ജെ. ജോജ്ജ് *(Joint Secretary to Government)*.— ഞാറക്കൽ പബ്ലിക്ക ഫണ്ടിൽനിന്നു ഒരു ജെട്ടി കെട്ടിയപ്പോൾ അവിടെ ഉടനെ ഭൂമിയുടമസ്ഥൻ ഒരു വേലി കെട്ടി വഴി അടക്കുകയുണ്ടായി. അങ്ങിനെ ചെയ്തതും ഈ സംസ്ഥാനത്തിലുള്ള ആളുകൾ തന്നെയാണു്.

Dr. E. S. R. Menon *(Director of Public Health and Panchayats)*.— There is another instance which the Hon'ble Member for Vyttila brought to my notice.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ *(Cheruthuruthi)*.— സർ, വേലി കെട്ടുന്നകാരണം പാലമുണ്ടാക്കുവാൻ തരമില്ലെന്നു ബഹുമാനപ്പെട്ട ഗവമ്മെൻറിൽനിന്നും മറുപടി പറയുകയുണ്ടായി. വേലി കെട്ടി വഴി തടയുന്ന സ്ഥലത്ത് പാലം പണി ചെയ്യണമെന്നായിട്ടില്ല അപേക്ഷ. മുൻപു് പാലം ഉണ്ടായിരുന്ന സ്ഥലത്തു് ഇപ്പോൾ അതു് നിറുത്തിയതു കാരണം ആളുകൾക്കു ഗതാഗതത്തിനു വളരെ ബുദ്ധിമുട്ടു് നേരിട്ടുകൊണ്ടിരിക്കുന്നുണ്ടു്. ഈ സ്ഥലങ്ങളിൽ വേലികെട്ടി വഴി തടഞ്ഞതായി ഞങ്ങൾക്കു യാതൊരു അറിവും ഇതുവരെ ഉണ്ടായിട്ടില്ല. പാലം ഇല്ലാത്തതായ സംഗതിയിൽ ആ ബുദ്ധിമുട്ടുകളെ ഗവമ്മെൻറിൻറെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നാണു് ഞാൻ ഈ ഉപക്ഷേപം കൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. മുൻപു് പാലങ്ങൾ മുതലായവ ഉണ്ടായിരുന്ന സ്ഥലങ്ങളിൽ പെട്ടെന്നു നിറുത്തിയതുകൊണ്ടു് ആളുകൾക്കു നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടിനു ഗവമ്മെണ്ടിൽനിന്നും ഒരു പരിഹാരമുണ്ടാക്കിത്തരണമെന്നാണു് ഞാൻ അപേക്ഷിക്കുന്നതു്. താൽക്കാലിക പാലങ്ങൾ ഇടണമെങ്കിൽ അവിടെ എല്ലാം പുറമ്പോക്കുകൾ ഉണ്ടായിരിക്കണമെന്നു പറയുന്നതിൽ യാതൊരടിസ്ഥാനവും ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. ഈ സംഗതിയിൽ ജനങ്ങൾക്കു വളരെ കഷ്ടപ്പാടുണ്ടെന്നു മാത്രമേ ഇവിടെ പറഞ്ഞറിയിക്കേണ്ടതായിട്ടുള്ളൂ. അടുത്തു കഴിഞ്ഞ പഞ്ചായത്തു കോൺഫറൻസിൽനിന്നു പാസ്സാക്കിയിട്ടുള്ളതായ റസല്യൂഷൻ ഇതു സംബന്ധമായിട്ടാണു് എന്നാണു് എൻറെ അറിവു്. എന്നാൽ ഈ സംഗതിയിൽ വേണ്ടുന്നതായ നിവൃത്തിക്കു ബഹുമാനപ്പെട്ട ഗവമ്മെൻറിൻറെ സഹായവും, അനുവാദവും ഉണ്ടാവുമെന്ന വിശ്വാസത്തോടുകൂടിയും ഇതിനെസംബന്ധിച്ചു് ആലോചിക്കാമെന്നു ബഹുമാനപ്പെട്ട പഞ്ചായത്തു ഡയറക്ടരവർകളുടെ മറുപടിയിലെ ഉത്തരവിശ്വാസത്തോടുകൂടിയും ഈ സഭയുടെ അനുവാദത്തോടുകൂടിയും ഉപക്ഷേപം ഞാൻ പിൻവലിച്ചുകൊള്ളുന്നു.

Deputy President.—Has the Hon'ble Member the leave of the House to withdraw the motion?

Mr. P. Kumaran Ezhuthassan *(Wadakkancheri)*.—No, Sir. The gong may be rung. All Members are in the lobby.

Deputy President.—I cannot allow it.

Mr. P. Kumaran Ezhuthassan *(Wadakkancheri)*.—I want a ruling whether the request for the sounding of the gong is a thing which can be refused by the Hon'ble President.

Deputy President.—I am not going to sound the gong. I am not going to give a ruling now. The Hon'ble Member will please take his seat.

Motion for the withdrawal of the cut motion was put and carried.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Wadakkancheri).*—Poll, Sir.

Deputy President.—I cannot allow it.

Mr. P. Kumaran Ezhuthassan (*Wadakkancheri*).—On a point of order, Sir. When a poll is demanded, can you refuse it? Is there any ruling on my point of order?

Deputy President.—I am not going to allow the demand for a poll.

Mr. P. Kumaran Ezhuthassan *(Wadakkancheri).*—Will my point of order be considered? I have a right under the Parliamentary procedure to demand a poll. Whether that will be allowed or not is the question.

Deputy President.—I am not going to do that because the only point is whether the Hon'ble Member had leave of the House to withdraw his motion and a very large majority is in favour of leave being granted.

Motion No. 58.

Mr. George Parakkal *(Narakkal).*—*"To reduce the allotment of Rs. 2,06,514 for Village Panchayats by Re. 1. To open a road connecting the Manjanakad Jetty at Narakkal with the poramboke foot path in the interior for the use of the public".*

Sir, of all the jetties that we have from Elankunnapuzha to Cranganur it is the Manjanakkad jetty which is important. Nearly 100 passengers land there and as the Hon'ble the Joint Secretary has said a very unfortunate circumstance took place that immediately that jetty was constructed a very rich land owner who had properties there put up a fence. It is only 1½ furlongs from there to the main road. I would be very much pleased if a foot-path is allowed to that place, so that people may walk to the main road.

Dr. E. S. R. Menon *(Director of Public Health and Panchayats).*—It is rather impossible at present. It will certainly receive the consideration of the Government if funds permit.

Mr. George Parakkal *(Narakkal).*—On that assurance, I beg the leave of the House to withdraw.

Motion was by leave withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Motion No. 59.

Mr. George Parakkal *(Narakkal).*—*"To reduce the allotment of Rs. 2,06,514 for Village Panchayats by Re. 1. To open a road from Thiruvinkara at Vellarappilly to connect it with the Panchayat road that stops at Kannatkulam so as to give a connection to the main road to the people during times of flood".*

Sir, through this cut, I want to bring to the notice of Government the great hardship the people of Thiruvinkara, a small village surrounded on all sides by a river, is put to. During the monsoon time they have no possibility of getting out of the place. Unless there is a road for them which reaches the river it is impossible to take their cattle because it is surrounded on all sides by paddy fields and fortunately the Panchayat has constructed a panchayat road till Kannatkulam. It is only half-a-furlong to take it to that river. If that is done, it will be a help to the poor ryots to take care of themselves and their cattle.

Dr. E. S. R. Menon *(Director of Public Health and Panchayats).*—It is also an impossibility to the Government at present. The estimated cost is about Rs. 12,000. It will be considered if funds permit.

Mr. George Parakkal *(Narakkal).*—I withdraw the motion in the light of the assurance given by the Hon'ble Member for Panchayats.

Motion was by leave withdrawn.

The Demand under Village Panchayats less Re. 1 was put and carried.

3—Panchayats—Cranganur—Rs. 9,65.

The demand was put and carried.

Deputy President.—I wish to say a word. So many hands were raised in favour of the withdrawal of the motion, (No. 57) it was clear that the Hon'ble Member had the leave of the House. I did not think it necessary to take a poll, because the only question was whether the Hon'ble Member had the leave of the House to withdraw his motion and that he had the leave was beyond all doubt. There was no voting upon a substantial motion which would have justified the demand for a poll.

LIBRARY ARCHIVES Kerala Legislative Assembly